ഗുരുമാർഗം



കയറിൽ സർപ്പത്തെക്കാണുന്നിടത്ത് കയറാണ് വസ്തു എന്ന് ഗ്രഹിക്കുന്നതുപോലെ ഏതനുഭവത്തിലും വസ്തുവിനെ ഉള്ളതുപോലെ ധരിക്കുന്നതാണ് യഥാർത്ഥ ജ്ഞാനം. ഇതിന് നേരേ വിപരീതമായിട്ടുള്ളത് അയഥാർത്ഥ ജ്ഞാനവും.

ഒരു ജാതി ഒരു മതം ഒരു ദൈവം

ഭരണി 38- 46
നവമി 09- 30
1939 ആഷാഢം 27
1438 ശവ്വാൽ 23
1192 കർക്കടകം 02

ചെയർമാനെ പുറത്തു നിറുത്തുന്ന ആശയക്കുഴപ്പം

നടപടിക്രമങ്ങളിലെ ആശയക്കുഴപ്പം സർക്കാർ ഓഫീസുകളിൽ കാലതാമസത്തിന്റെ പ്രധാന കാരണമാണ്. അപേക്ഷയിൽ ഉടനടി തീരുമാനമെടുക്കാവുന്ന കാര്യമാണെങ്കിൽപോലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഒരു സംശയമുദിച്ചാൽ കടലാസ് അവിടെക്കിടക്കും. ഫയലുകൾ കുമ്പാരമാകുന്നതും അദാലത്തുകൾ വേണ്ടിവരുന്നതും ഇത്തരം സാഹചര്യമുണ്ടാകുമ്പോഴാണ്. പുതിയ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ചെയർമാൻ സ്ഥാനാരോഹണം വെറുതേ നീണ്ടുപോകുന്നതിനെക്കുറിച്ചുള്ള റിപ്പോർട്ട് വായിക്കുന്ന ഏതൊരാളുടെയും മനസിൽ ആദ്യം ഉയർന്നുവരുന്നത് സർക്കാർ യന്ത്രമെന്ന അനങ്ങാപ്പാറയുടെ വിചിത്ര രീതികളാണ്. കഴിഞ്ഞ മേയ് 12 നാണ് സംസ്ഥാനത്തെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലായിരുന്ന പ്രേമൻ ദിനരാജിനെ വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ചെയർമാനായി നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചത്. സാധാരണഗതിയിൽ വൈകാതെ അദ്ദേഹം പുതിയ പദവി ഏറ്റെടുക്കേണ്ടതാണ്. എന്നാൽ രണ്ടുമാസം കഴിഞ്ഞിട്ടും റഗുലേറ്ററി കമ്മിഷൻ ചെയർമാന് സ്ഥാനമേൽക്കാൻ കഴിയുന്നില്ല. സ്ഥാനാരോഹണം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽവന്ന ആശയക്കുഴപ്പമാണ്. കാരണമായി പറഞ്ഞുകേൾക്കുന്നത്. റഗുലേറ്ററി കമ്മിഷൻ ചെയർമാൻ പദവി ഹൈക്കോടതി ജഡ്ജിക്കു സമാനമായതിനാൽ ഗവർണർ വേണം സത്യപ്രതിജ്ഞ ചെയ്യിക്കാൻ എന്നൊരു വിചിത്ര നിർദ്ദേശം വൈദ്യുതി വകുപ്പിൽ നിന്നുവന്നതാണ് ചടങ്ങ് വൈകിപ്പിക്കുന്നത്. സംസ്ഥാനത്ത് ആദ്യമായല്ല റഗുലേറ്ററി കമ്മിഷൻ ചെയർമാന്റെ നിയമനവും സത്യപ്രതിജ്ഞയുമൊക്കെ നടക്കുന്നത്. ഇതിനുമുമ്പ് ചീഫ് സെക്രട്ടറിയുടെ മുന്നിലാണ് ചെയർമാൻ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റിട്ടുള്ളതെന്ന് പഴയ രേഖകൾ പരിശോധിച്ചാൽ കാണാം. ഗവർണർ ഈ ചടങ്ങ് നിർവഹിച്ചതായി കേട്ടിട്ടുമില്ല. ആ നിലയ്ക്ക് ഇത് സംബന്ധിച്ച് പുതിയൊരു ചിന്താക്കുഴപ്പം എങ്ങനെ ഉടലെടുത്തുവെന്നതിലാണ് സംശയമുയരുന്നത്. സർവീസിൽനിന്ന് സ്വയം വിരമിച്ച് ചെയർമാൻ പദവി ഏറ്റെടുക്കാൻ നിന്ന ദിനരാജ് അതിന് കഴിയാതെ ഇപ്പോഴും പുറത്ത് നിൽക്കുന്നുവെന്നത് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ ഇരുണ്ട മുഖമാണ് കാട്ടിത്തരുന്നത്.

മുൻ ചെയർമാന്മാരെ ചീഫ് സെക്രട്ടറി സ്ഥാനാരോഹണം ചെയ്യിച്ചുവെങ്കിൽ ഇപ്പോൾ മാത്രം അതിന് ഗവർണർതന്നെ വേണമെന്ന് ശാഠ്യം പിടിക്കുന്നതെന്തിനാണ്? നിയമം പഠിക്കാത്ത സാധാരണക്കാർക്ക് പോലും മനസിലാകുന്ന ലളിതമായ പ്രശ്നമാണിത്. എന്നിട്ടും ചീഫ് സെക്രട്ടറി റഗുലേറ്ററി കമ്മിഷൻ ചെയർമാന്റെ സത്യപ്രതിജ്ഞാചടങ്ങിന് ഗവർണറുടെ സമയം തേടി രാജ്ഭവന് അപേക്ഷ നൽകിയതിലെ സാംഗത്യവും മനസിലാക്കാൻ വിഷമമാണ്.

ഏതോ കുബുദ്ധികൾക്കു തോന്നിയ അടിസ്ഥാനമില്ലാത്ത സംശയത്തിന്റെ പേരിൽ റഗുലേറ്ററി കമ്മിഷൻ ചെയർമാന്റെ സത്യപ്രതിജ്ഞാചടങ്ങ് വലിയ നിയമപ്രശ്നമായി മാറിയിരിക്കുകയാണിപ്പോൾ. ഇതിന്റെ പേരിൽ അന്തമില്ലാത്ത എഴുത്തുകുത്തുകൾ നടക്കുകയാണ്. മുൻ ചെയർമാന്മാരെ ചീഫ് സെക്രട്ടറി സ്ഥാനാരോഹണം ചെയ്യിച്ചുവെങ്കിൽ ഇപ്പോൾ മാത്രം അതിന് ഗവർണർതന്നെ വേണമന്ന് ശാഠ്യം പിടിക്കുന്നതെന്തിനാണ്? നിയമം പഠിക്കാത്ത സാധാരണക്കാർക്ക് പോലും മനസിലാകുന്ന ലളിതമായ പ്രശ്നമാണിത്. എന്നിട്ടും ചീഫ് സെക്രട്ടറി റഗുലേറ്ററി കമ്മിഷൻ ചെയർമാന്റെ സത്യപ്രതിജ്ഞാചടങ്ങിന് ഗവർണറുടെ സമയം തേടി രാജ്ഭവന് അപേക്ഷ നൽകിയതിലെ സാംഗത്യവും മനസിലാക്കാൻ വിഷമമാണ്. ചെയർമാന്റെ സത്യപ്രതിജ്ഞ മുൻ അവസരങ്ങളിലെന്നപോലെ ചീഫ് സെക്രട്ടറി തന്നെ നിർവഹിച്ചാൽ മതിയെന്നും ഇതിന് പുതിയ കീഴ്വഴക്കങ്ങളൊന്നും സൃഷ്ടിക്കേണ്ടതില്ലെന്നും ചൂണ്ടിക്കാട്ടി രാജ് ഭവൻ അപേക്ഷ തിരിച്ചയച്ചപ്പോഴെങ്കിലും കുബുദ്ധികൾക്ക് കാര്യം മനസിലായിക്കാണുമെന്ന് കരുതാം. എന്നാൽ അതൃപ്തിയായ സർക്കാരിനുണ്ടോ സംശയം വിട്ടുമാറുന്നു. സത്യപ്രതിജ്ഞാചടങ്ങിനെക്കുറിച്ച് സംശയമുയർന്ന നിലയ്ക്ക് നിയമവകുപ്പുകൂടി പ്രശ്നം പഠിക്കട്ടെ എന്നായി തീരുമാനം. മുമ്പൊക്കെ ചീഫ് സെക്രട്ടറിയാണ് ചെയർമാന്റെ സത്യപ്രതിജ്ഞാചടങ്ങ് നടത്തിയിട്ടുള്ളതെന്ന കാര്യം കണ്ടെത്താൻ നിയമ വകുപ്പിന് പ്രയാസമുണ്ടായില്ല. എന്നിരുന്നാലും ചെയർമാൻ സ്ഥാനം ഹൈക്കോടതി ജഡ്ജിയുടേതിന് തുല്യമാണെന്ന ഒരു ആപ്പുകൂടി അടിക്കാൻ നിയമവകുപ്പും മറന്നില്ല. പ്രശ്നം വീണ്ടും സർക്കാരിന്റെ കോർട്ടിലാണിപ്പോൾ.

ഉന്നതനായ ഒരു ഉദ്യോഗസ്ഥന്റെ സ്ഥാനാരോഹണം സംബന്ധിച്ച പ്രധാന വിഷയത്തിൽപോലും അനാവശ്യ സംശയങ്ങളുന്നയിച്ച് താത്കാലികമായെങ്കിലും തടസം സൃഷ്ടിക്കുന്ന ഇത്തരം പ്രവണത സർക്കാർ സർവീസിന്റെ കൂടപ്പിറപ്പാകാം. എന്നാൽ ആരിലും പരിഹാസമുണ്ടാക്കുന്ന ഈ കാലതാമസം പൊതുസമൂഹത്തിന് നൽകുന്ന സന്ദേശം തീർച്ചയായും നന്നല്ല. താത്പര്യമുള്ള കേസുകളിൽ നിയമം വെടിഞ്ഞും അനുകൂല തീരുമാനത്തിലെത്താൻ ഒരുദിവസം പോലും വേണ്ടിവരാറില്ല. ഒരുവിധ ആശയക്കുഴപ്പവും ഉടലെടുക്കുകയുമില്ല.

മാനവദർശനം

മുനി നാരായണ പ്രസാദ്

ഭ്രമവും പ്രമയും

ഞാൻ ഊട്ടി ഗുരുകുലത്തിൽ താമസിക്കുന്നു. ഇവിടെ ദിവസവും കാലത്തും വൈകിട്ടും ക്ലാസ് നടത്തുന്നു. കാലത്തെ പഠന വിഷയം നടരാജഗുരു എഴുതിയ An Integrated Science of the Absolute എന്ന ഗ്രന്ഥം. വൈകിട്ടാകട്ടെ നാരായണഗുരുവിന്റെ ദർശനമാലയ്ക്ക് വിദ്യാനന്ദ സ്വാമിയും ഗുരു നിത്യയും ഞാനും എഴുതിയ വ്യാഖ്യാനങ്ങൾ വായിച്ച ചർച്ച ചെയ്യുകയും. ഇതൊന്നും തുടക്കക്കാർക്ക് മനസിലാകുന്ന പാഠങ്ങളല്ല. സന്ദർശകരായി പുതിയ ആൾക്കാർ വന്നാലും അവർക്കു വേണ്ടി എന്തെങ്കിലും ക്ലാസിൽ പറയുന്നതിന് പകരം ഞങ്ങളുടെ പാഠം തുടരുകയാണ് പതിവ്.

ആന്ധ്രയിൽ നിന്നു ഒരു കുടുംബം വന്നു. അവർക്ക് ആശ്രമാന്തരീക്ഷത്തിൽ മൂന്നു ദിവസം കഴിയണമെന്നെ ഉദ്ദേശമുള്ളൂ. അവരും ഞങ്ങളുടെ ക്ലാസിൽ പതിവായി പങ്കെടുത്തു. മൂന്നാം ദിവസം യാത്ര പറഞ്ഞ് പോകാൻ നേരത്താണ് പറയുന്നത്,

'ഇതൊക്കെ കേട്ട് ഞങ്ങൾ ആകെ കൺഫ്യൂസ്ഡ് ആണ്.'

ശരിയാണ് ഈ ചിന്താരംഗത്തേയ്ക്ക് ആദ്യമായി കടന്നുവരുന്നവർ 'കൺഫ്യൂസ്ഡ്' ആകും. അഥവാ 'കൺഫ്യൂസ്ഡ്' ആയിട്ടാണ് അവർ കടന്നു വരുന്നത്.

ഈ കൺഫ്യൂഷനെയാണ് ഭാരതത്തിൽ ഭ്രമം എന്ന് വിളിച്ചു പോരുന്നത്. സത്യമേത് അസത്യമേത് എന്ന് തിരിച്ചറിയാനാകാതെ കുഴഞ്ഞുപോകുന്ന അവസ്ഥ. ഈ ഭ്രമബുദ്ധിയിൽ നിന്ന് കരകയറാനുള്ള ശ്രമമാണ് പിന്നീട് വേണ്ടത്. അത് അവസാനം കൊണ്ടെത്തിക്കുന്നത് സത്യനിശ്ചയത്തിലാണ്. ഈ സത്യനിശ്ചയത്തെ വിളിക്കുന്നത് 'പ്രമ' എന്നാണ്. ഇങ്ങനെ 'ഭ്രമ'ത്തിൽ നിന്ന് 'പ്രമ'യിൽ എത്തിച്ചേരണം. അപ്പോഴേ ചിന്തിക്കുന്ന മനുഷ്യന് ജീവിതം അർത്ഥവത്തായിത്തീരുകയുള്ളൂ. 'ഭ്രമം' ഉണ്ടായില്ലെങ്കിലോ പിന്നെ സത്യാന്വേഷണമില്ല: 'പ്രമ' യിൽ എത്തിച്ചേരലും സംഭവിക്കില്ല. അതുകൊണ്ട് ആദ്യം വേണ്ടത് 'ഞാൻ കൺഫ്യൂഷനിലാണ്' എന്ന ബോധമാണ്.

സാധാരണഗതിയിൽ മിക്കവാറും ജീവിക്കുന്നത് ഭ്രമബുദ്ധിയോടു കൂടിയാണ്. എന്നാൽ ഭ്രമബുദ്ധിയോടുകൂടിയാണ് തങ്ങൾ ജീവിക്കുന്നത് എന്ന തിരിച്ചറിവ് അവർക്കില്ല. അതുകൊണ്ടുതന്നെ അവരുടെ ഭ്രമബുദ്ധി അവർക്കൊരു പ്രശ്നവുമല്ല. അവർ തിന്നും കുടിച്ചും പെറ്റുപെരുകിയും പണമുണ്ടാക്കി തമാശകളിൽ രസിച്ചും കഴിയുന്നു.

അവർ ഒരുമാതിരി ഉറക്കത്തിലാണെന്നും പറയാം. സാധാരണ ഉറക്കത്തിന്റെ കാര്യത്തിലും, 'ഞാൻ ഉറക്കത്തിലാണ്' എന്ന് ഉറങ്ങുന്ന സമയത്ത് ആരും അറിയാറില്ല. ഈ ഉറക്കത്തിന്റെ കാര്യവും അതുപോലെ തന്നെ. അവർ അറിവിന്റെ കാര്യത്തിൽ ഉറക്കത്തിലാണ്. ഉറക്കത്തിലാണെന്ന കാര്യവും അറിയുന്നില്ല. അവരെ ഉണർത്താനുള്ള ശ്രമം പലപ്പോഴും വിഫലമായിത്തീരും. അവർ തന്നെത്താൻ ഉണരണം. അങ്ങനെ ഉണർന്നു കിട്ടുന്നതു തന്നെ മഹാഭാഗ്യമാണ്. പിന്നെ അറിവിന്റെ ഉയരങ്ങളിലേയ്ക്ക് ഉണരാനുള്ള ശ്രമം തുടങ്ങാം. ഒരു ഗുരുവിന്റെ കൈപിടിച്ചുകൊണ്ടാണ് ഉയരങ്ങളിലേക്കുള്ള ഈ യാത്രയെങ്കിൽ വളരെ നല്ലത്.

വില എം.ആർ.പിയിൽ കൂട്ടാൻ അനുവദിക്കില്ല

വി.എസ്.രാജേഷ്

ചരക്കു സേവന നികുതിയെക്കുറിച്ച് ധനകാര്യമന്ത്രി ഡോ.ടി.എം. തോമസ് ഐസക് കൗമുദി ടിവിയിലെ അഭിമുഖ പരിപാടിയായ സ്ട്രെയിറ്റ് ലൈനിൽ സംസാരിച്ചു. പ്രസക്തഭാഗങ്ങളിൽ നിന്ന്:

■ *ചരക്കു സേവന നികുതി(ജി.എസ്.ടി) നിലവിൽ വന്നു. ജനം വലഞ്ഞു എന്ന മട്ടിലാണല്ലോ കാര്യങ്ങളുടെ പോക്ക്?*

ചരക്കുസേവന നികുതി തുടക്കത്തിൽ ചില പ്രശ്നങ്ങളുണ്ടാകാം. അറിഞ്ഞുകൂടല്ലോ. എന്നാൽ യഥാർത്ഥത്തിൽ ഉപഭോക്താക്കൾക്ക് വലിയ നേട്ടമാണ്. പക്ഷേ, കേരളത്തിലെ പോലെ ബാക്കിയെല്ലായിടത്തും പല കച്ചവടക്കാരും ചെയ്യാൻ ശ്രമിച്ചത് നികുതി കുറച്ചില്ലെന്ന് മാത്രമല്ല, പലരും എം.ആർ.പി വിലയെക്കാൾ കൂടുതൽ വില കൂട്ടി. അത് തികച്ചും പ്രതിഷേധാർഹമാണ്. എം.ആർ.പിയെക്കാൾ ഒരിക്കലും കൂടാൻ പാടില്ല.

■ *ജി. എസ്.ടി.യിലുണ്ടാകുന്ന നികുതിയിളവ് ഫലത്തിൽ ഉപഭോക്താവിന് കിട്ടുന്നില്ലല്ലോ?*

കിട്ടുന്നില്ല. ഇനി ചെയ്യാനുള്ളത് അടുത്ത ബാച്ച് ഉത്പന്നങ്ങൾ ഇറങ്ങുമ്പോൾ എം.ആർ. പി താഴ്ത്തിവയ്ക്കണം. ഇപ്പോഴുള്ളതിനെക്കാൾ. അതിന് കേന്ദ്രസർക്കാർ കമ്പനികളെ നിർബന്ധിക്കണം.

■ *വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാരിന് എന്തെങ്കിലും മാർഗങ്ങളുണ്ടോ?*

സംസ്ഥാന സർക്കാരിന് ഒറ്റ മാർഗമേയുള്ളൂ. എം.ആർ.പി വിലയുണ്ടെങ്കിൽ അതിൽ കൂട്ടിയാൽ ശിക്ഷിക്കാം. ലീഗൽ മെട്രോളജി വകുപ്പിന് അതിന് അധികാരമുണ്ട്. ഞങ്ങൾ ടെസ്റ്റ് പർച്ചേസുകൾ നടത്തുന്നുണ്ട്. എവിടെയെങ്കിലും എം.ആർ.പിയേക്കാൾ വന്നിട്ടുണ്ടെങ്കിൽ കേസെടുക്കും.

■ *ധനകാര്യമന്ത്രി പറയുന്ന വാക്ക് കോഴിക്കച്ചവടക്കാർ പോലും പാലിക്കുന്നില്ലല്ലോ?*

നാലഞ്ചു കമ്പനികളുണ്ട്. അവരാണ് ഇതു മുഴുവൻ നിയന്ത്രിക്കുന്നത്. ഭയങ്കര നികുതിവെട്ടിപ്പാണ്. നികുതിയുടെ പാതിയേ തരാറുള്ളൂ. ബാക്കി വെട്ടിച്ചുകൊണ്ടു പോകുകയാണ്. അതുകൊണ്ട് നീണ്ട നാളത്തെ ഫൈറ്റാണ് ഈ കമ്പനികളുമായിട്ട്.

■ *അന്യസംസ്ഥാന കമ്പനികളാണോ ?*

കമ്പനികൾ നമ്മുടെ നാട്ടിലുള്ളവരാണ്. അവർ തമിഴ്നാട് ലോബിയുടെ വക്താക്കളായി നിൽക്കുകയാണ്. അവർ തമ്മിൽ ഭയങ്കര യോജിപ്പാണ്. ഇവരെ പിണക്കിക്കഴിഞ്ഞാൽ കോഴി ഡീലർമാർക്ക് കിട്ടത്തില്ല. അപ്പോൾ ഒരു ദിവസമെങ്കിലും മേമ്പൊടിക്കെങ്കിലും ഇളവ് കൊടുക്കണ്ടേ. ഇല്ല, അങ്ങനെ നമ്മൾ ഇടപെട്ടു. കെപ്കോയേക്കാൾ കൂടുതൽ വിലയ്ക്ക് വിൽക്കില്ലെന്ന് പറഞ്ഞു. കെപ്കോയിലാണ് ഏറ്റവും ന്യായവിലയെന്ന് എനിക്കഭിപ്രായമില്ല.

■ *കെപ്കോയും വില കൂട്ടി വിൽക്കുന്നുണ്ട്?*

വില കൂട്ടി. മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ അതു കുറപ്പിച്ചു. പതിനഞ്ചുശതമാനമുള്ളത് കുറച്ചു. ആ വിലയ്ക്ക് വിൽക്കണമെന്നത് കേരളം മുഴുവൻ പാലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ലൈവ് ചിക്കൻ എൺപത്തിയേഴ് രൂപയ്ക്ക് വിൽക്കണമെന്നുള്ളത് അത്ര പാലിക്കപ്പെടുന്നില്ല.

■ *ലൈവ് ചിക്കൻ വിരിയിച്ചെടുത്ത് വരുമ്പോൾ 83രൂപ വിലയാകുമെന്നല്ലേ അവർ പറയുന്നത്?*

ആരു പറഞ്ഞു. നാല്പത്തിയഞ്ചുരൂപ ഒരു കോഴിക്കുഞ്ഞിന് വില വരുമെന്ന്. കേരള സർക്കാർ രണ്ടു മാസത്തിനുള്ളിൽ ഇരുപത്തിയഞ്ചുരൂപയ്ക്ക് കൊടുക്കാൻ പോകുകയാണ്. വലിയ കുത്തക കമ്പനികളുടെ ധാരണ അവർ പറയുന്നതു പോലെയേ കേരളത്തിൽ കോഴിക്കച്ചവടം നടക്കുകയുള്ളൂ എന്നാണ്. ഇപ്പോൾ കേരളത്തിലെ ഹാച്ചറികളിൽ ഒരു വർഷം വിരിയിച്ചെടുക്കുന്നത് ഏഴലക്ഷം കോഴികളാണ്. അത് ഒരു കോടി കോഴിക്കുഞ്ഞുങ്ങളാകാൻ പോകുകയാണ്. ഒരു ദിവസം മുപ്പതിനായിരം കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാൻ പോകുകയാണ്. അതു വന്നു കഴിഞ്ഞാൽ കേരളത്തിൽ ആവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളുടെ മൂന്നിലൊന്ന് സർക്കാരിന്റെ വരുതിയിലാകും.

ഡോ.തോമസ് ഐസക്

സംസ്ഥാന സർക്കാരിന് ഒറ്റ മാർഗമേയുള്ളൂ. എം.ആർ.പി വിലയുണ്ടെങ്കിൽ അതിൽ കൂട്ടിയാൽ ശിക്ഷിക്കാം. ലീഗൽ മെട്രോളജി വകുപ്പിന് അതിന് അധികാരമുണ്ട്. ഞങ്ങൾ ടെസ്റ്റ് പർച്ചേസുകൾ നടത്തുന്നുണ്ട്. എവിടെയെങ്കിലും എം.ആർ.പിയേക്കാൾ വന്നിട്ടുണ്ടെങ്കിൽ കേസെടുക്കും.

■ *എൺപത്തിയേഴ് രൂപ എന്നു പറഞ്ഞത് വേണ്ടത്ര ആലോചിക്കാതെ പറഞ്ഞ പ്രഖ്യാപനമായിരുന്നോ?*

അല്ല. ഞങ്ങളുടെ വകുപ്പിന്റെ കണക്കാണ്, നൂറ്റിമൂന്ന് രൂപയ്ക്കാണ് ചിക്കൻ വിറ്റിരുന്നതെന്ന്. അതിൽ നിന്ന് പതിനഞ്ചു ശതമാനം കുറച്ച വിലയാണ് എൺപത്തിയേഴുരൂപ.

■ *ജനങ്ങൾ സഹകരിക്കണമെന്ന് പറഞ്ഞത് ഏതു അർത്ഥത്തിലാണ്. വാങ്ങാതെ സഹകരിക്കണമെന്നാണോ?*

അതേ. തത്കാലം വാങ്ങില്ലെന്ന് പറഞ്ഞാൽ വിൽക്കാതെ കോഴി വച്ചിരിക്കാൻ സാധിക്കുമോ. മൂന്നുദിവസം കോഴിയെ വിറ്റില്ലല്ലോ കേരളത്തിൽ. വേണമെങ്കിൽ ഇങ്ങനെ ചെയ്യണം. അതല്ല ഇവർ പറയുന്ന വില കൊടുത്ത് വാങ്ങാൻ തയ്യാറാണെങ്കിൽ സർക്കാരിന് എന്തു ചെയ്യാൻ കഴിയും. സർക്കാർ എന്ന നിലയിൽ ഉപഭോക്താക്കൾക്ക് നികുതിയിളവ് വാങ്ങിക്കൊടുക്കാൻ പരമാവധി ശ്രമിക്കും. വിജയിക്കുമോ, ഇല്ലയോ എന്നത് വേറൊരു കാര്യം.

■ *ജി.എസ്.ടി കൊണ്ട് കേരളത്തിനുള്ള ഗുണം എന്താണ്?*

നേരത്തേ നമ്മുടെ നാട്ടിൽ നമ്മൾ നികുതി കൊടുത്തതിന്റെ ഗണ്യമായ ഭാഗം നമുക്ക് കിട്ടാറില്ല. മറ്റു സംസ്ഥാനങ്ങൾക്കു കിട്ടും. മറ്റുസംസ്ഥാനങ്ങളിൽ നിന്നു വാങ്ങുമ്പോൾ അവിടെയാണ് നികുതി കിട്ടുക, നമുക്ക് കിട്ടാറില്ല. ഇനി മേൽ അങ്ങനെയല്ല. നമ്മുടെ സംസ്ഥാനത്ത് ഉപയോഗിക്കാൻ വേണ്ടി മറ്റു സംസ്ഥാനത്തു നിന്നുവാങ്ങുന്ന സാധനങ്ങൾക്കുള്ള നികുതിയും നമുക്ക് തന്നെ കിട്ടും.

■ *ഈ രീതിയിൽ ഒരു ഏഴായിരം കോടി രൂപയുടെ വരുമാനം നമുക്ക് കിട്ടുമോ?*

സത്യം പറഞ്ഞാൽ എനിക്കറിഞ്ഞുകൂടാ. എത്രയാണെന്ന്. പക്ഷേ, ഒരു സംശയവും എനിക്കില്ല, ഒരു മൂവായിരം കോടി രൂപ വരുമെന്ന്. കേരളത്തിന്റെ നികുതി വരുമാനം കൂടും. ഇതല്ലാതെ മറ്റു മാർഗം നോക്കിയിട്ട് കാര്യമില്ല.

■ *ജി.എസ്.ടിയെക്കുറിച്ച് ആദ്യം പറഞ്ഞത് കോർപറേറ്റുകൾക്ക് നല്ലതും ചെറുകിട കർഷകർക്ക് അത്ര ഗുണം ചെയ്യുന്നതല്ലെന്നുമാണ്. അത് വിശദീകരിക്കുമോ?*

ഉദാഹരണത്തിന് നമ്മുടെ പല വ്യവസായങ്ങൾക്കും ഒന്നരക്കോടിയിൽ താഴെയാണെങ്കിൽ എക്സൈസ് നികുതി ഉണ്ടായിരുന്നില്ല. വാറ്റ് ഉണ്ടായിരുന്നു. ഇപ്പോഴത്തെ പുതിയ നികുതി ഒന്നരക്കോടിക്ക് മുകളിലുണ്ടായിരുന്ന എക്സൈസ് നികുതിയും വാറ്റും കൂട്ടിച്ചേർന്ന് എത്ര നികുതി വരുന്നോ അതിന്റെ താഴെയുള്ള സ്ളാബിലാണ് കൊടുത്തിരിക്കുന്നത്. ഉദാഹരണത്തിന് പ്ലൈവുഡ്. പെരുമ്പാവൂരിലെ കൊച്ചു സ്ഥാപനങ്ങളൊക്കെ വാറ്റാണ് കൊടുത്തിരുന്നത്, എക്സൈസ് നികുതിയല്ല. ഇപ്പോൾ പതിനെട്ടു ശതമാനമായി, നേരത്തെ പതിനാലു ശതമാനം. അപ്പോൾ നാലുശതമാനം കൂടിയില്ലേ. അതു വലിയ കമ്പനികളുമായുള്ള അവരുടെ മത്സരശേഷിയെ ബാധിക്കും. ഇതുപോലെ പല ചെറുകിട വ്യവസായങ്ങൾക്കും പ്രശ്നങ്ങളുണ്ടാകും. ഇതിൽ ചില വൈരുദ്ധ്യങ്ങളുണ്ട്. ഇപ്പോൾ ഉപഭോക്താക്കളും വില്പനക്കാരും തമ്മിലുള്ള തർക്കം. ആ തർക്കത്തിൽ എന്റെ ഒരു ധാരണ അടുത്ത ബാച്ച് സാധനങ്ങൾ വരുമ്പോൾ എം.ആർ. പി കുറയും. എം.ആർ.പി താഴ്ത്തി നിറുത്താൻ കേന്ദ്രസർക്കാർ ശ്രമിക്കും. അല്ലെങ്കിൽ വിലക്കയറ്റത്തിലേക്ക് പോകും. സംഗതി പ്രശ്നമാകും. പെട്ടെന്ന് അങ്ങനെ ഗുണം കിട്ടിയിട്ടില്ല. പക്ഷേ, നാളെ അങ്ങനെ ഒരു സാദ്ധ്യതയുണ്ട്. അതിനുവേണ്ടിയാണ് ഞങ്ങൾ പരിശ്രമിക്കുന്നത്. ഉപഭോക്തൃസംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന് വലിയ നേട്ടമാണ്. കേരളത്തിന്റെ ധനമന്ത്രിയെന്ന നിലയിൽ ഞാൻ പ്രാഥമികമായി നോക്കിയത് അതാണ്.

■ *കമ്പ്യൂട്ടർ ഫയലിംഗ്. ബില്ലിംഗ് ഇങ്ങനെ പല കാര്യങ്ങളിലും വ്യാപാരികൾക്ക് ഉത്കണ്ഠയുണ്ട്?*

കമ്പ്യൂട്ടറില്ലെങ്കിൽ വേണ്ട. ആരെങ്കിലും കമ്പ്യൂട്ടറിൽ തന്നെ ബിൽ എഴുതി കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടോ. ഇതൊന്നും പറഞ്ഞിട്ടില്ല. അതുണ്ടെങ്കിൽ വളരെ എളുപ്പമാണ്. അതിന്റെ സോഫ്റ്റ് വെയർ ഉണ്ടെങ്കിൽ എല്ലാം ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യും. അല്ലെങ്കിൽ ഒരു പ്രാക്ടീഷണറെ വിളിച്ച് ചെയ്യിക്കണം. ഇപ്പോൾ അങ്ങനെയാണ് ചെയ്യുന്നത്. എഴുതിയുണ്ടാക്കുന്നവർ അങ്ങനെ തുടർന്നാൽ മതി.

■ *സാനിറ്ററി നാപ്കിന് പന്ത്രണ്ടുശതമാനം നികുതി വച്ചത് ശരിയാണോ?*

അതു പറഞ്ഞിരുന്നു. പറഞ്ഞുകഴിഞ്ഞപ്പോൾ അതു കുറയ്ക്കുമെന്ന തെറ്റിദ്ധാരണയാണ് എനിക്കുണ്ടായത്. അതിലൊരു പ്രശ്നമുണ്ട്. പൂജ്യമാക്കുന്നതിൽ കാര്യമില്ല, അഞ്ചാക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടത്. എന്താണ് ഈ അഞ്ചെന്ന് ചോദിച്ചേക്കാം. ഇതിൽ ഉപയോഗിയുന്ന അസംസ്കൃത വസ്തുക്കളിന്മേലെല്ലാം നികുതിയുണ്ട്. ആ ഉത്പന്നത്തിന് നികുതി എംബഡഡ് ആണ്. പക്ഷേ ഇവിടെ നികുതി അഞ്ചുശതമാനം വച്ചില്ലെങ്കിൽ ഇറക്കുമതിയുടെ മേൽ നികുതി വയ്ക്കാൻ പറ്റില്ല.

■ *ഇനി ഇത് കുറയ്ക്കാൻ സാദ്ധ്യതയുണ്ടോ?*

തീർച്ചയായും. ജി.എസ്.ടി കൗൺസിൽ എപ്പോൾ തീരുമാനിച്ചാലുമാവും. ഇത് ബുദ്ധിമുട്ടുളവാക്കുമെന്ന് ഞാൻ പലവട്ടം പറഞ്ഞിരുന്നു.

■ *മരുന്നുകൾ വാങ്ങിക്കുമ്പോഴും അനിശ്ചിതത്വമുണ്ടല്ലോ?*

അത് ആദ്യഘട്ടത്തിലെ അനിശ്ചിതത്വമാണ്. അതിലെ പ്രശ്നമെന്താണെന്ന് വച്ചാൽ അവശ്യമരുന്നുകൾക്ക് നികുതിയില്ല. അവശ്യമരുന്നുകൾ ഏത് എന്ന് തീരുമാനിക്കുന്നത് കേന്ദ്രസർക്കാരാണ്. നമ്മളിവിടെ അവശ്യമരുന്നുകളെന്ന് പറഞ്ഞ് നികുതിയിളവ് കൊടുക്കുന്നതൊക്കെ അവിടെയുള്ള പട്ടിക പ്രകാരം അങ്ങനെയല്ല. അതിന്റെ പ്രശ്നമുണ്ട്. ആ കൺഫ്യൂഷനുള്ളതു കൊണ്ട് പുതിയ മരുന്നുകൾ വരുന്നില്ല.

■ *ജി.എസ്.ടി പൂർണമായും നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ, അല്ലെങ്കിൽ ധനകാര്യവകുപ്പ് തയ്യാറായിരുന്നോ?*

പൂർണമായിട്ടൊന്നും സജ്ജമായിട്ടില്ല. ഇ-വേ ബിൽ ഇനിയും ശരിയായിട്ടില്ല. ഇപ്പോൾ കേരളത്തിലേക്കുള്ള ഇ-വേ ബില്ലുണ്ടെങ്കിൽ എന്തൊക്കെ ചരക്കുകൾ വരുന്നെന്ന് കാണാൻ പറ്റും.

■ *വ്യാപാരികൾ പറയുന്ന ഒരു പരാതി അവശേഷിക്കുന്ന സ്റ്റോക്കിന്റെ കാര്യത്തിലാണല്ലോ?*

ഒരു അടിസ്ഥാനവുമില്ലാത്ത കാര്യമാണ്. എനിക്കത് മനസിലായിട്ടേയില്ല. വാറ്റ് കൊടുത്തു വാങ്ങിയതാണെങ്കിൽ, മാർച്ച് വരെയുള്ള പണമെല്ലാം റീഫണ്ട് ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി മൂന്നുമാസത്തെയാണുള്ളത്. അത് വാറ്റ് കൊടുത്തു വാങ്ങിച്ചതാണെങ്കിൽ സെപ്തംബർ മാസത്തിൽ നികുതി കൊടുക്കുമ്പോൾ ഈ തുക കിഴിച്ചുള്ളത് കൊടുത്താൽ മതി. ആകെ ഒരു പ്രശ്നം ഞാൻ കേരളത്തിൽ വാറ്റു കൊടുത്തു വാങ്ങിച്ചു, അതിന്റെയുള്ളിൽ എക്സൈസ് നികുതി കിടപ്പുണ്ട്. അതിന്റെ മുകളിലാണ് വാറ്റ് വന്നിട്ടുള്ളത്. അത് കിട്ടുമോ എന്നാണ് ചോദ്യം. അതുപോലും ഉദാരമാണ്. അറുപത് ശതമാനം വരെ അതും വകവച്ചു കിട്ടും. വിൽക്കുന്ന വില എം.ആർ.പി വിലയെക്കാൾ അപ്പോഴും മുകളിലാണെങ്കിൽ നഷ്ടം വരും. അങ്ങനെ കേസുണ്ടെങ്കിൽ കൊണ്ടുവരിക. ഇതിന്റെ മുഴുവൻ എക്സൈസ് നികുതിയുടെയും ഇളവ് കമ്പനിക്ക് കിട്ടുന്നുണ്ട്. അത് ഉത്പാദകന് കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. അതിന് കുറച്ച് താമസമെടുക്കും. വാറ്റിലേക്ക് വന്നപ്പോൾ ഈ പ്രശ്നമുണ്ടായിരുന്നു.

■ *എല്ലാ ബഡ്ജറ്റിന്റെയും ഗ്ലാമർ വരാൻ പോകുന്ന നികുതിയെ കുറിച്ചുള്ള ആശങ്കകളാണ്. ഇനി സംസ്ഥാന ബഡ്ജറ്റിന് എന്താണ് പ്രസക്തി?*

സംസ്ഥാന ബഡ്ജറ്റിന്റെ ഗ്ലാമർ നികുതി ആയിരുന്നില്ല. വാറ്റ് വന്നപ്പോഴേ അത് പോയി. അല്ലറ ചില്ലറ അങ്ങോട്ടുമിങ്ങോട്ടും മാറ്റങ്ങളേയുള്ളൂ. കഴിഞ്ഞ രണ്ട് ബഡ്ജറ്റ് എടുത്ത് നോക്കൂ. ആരും നികുതിയെ കുറിച്ച് സംസാരിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ നികുതി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടില്ല.

■ *ധനകാര്യ മന്ത്രിയുടെ റോൾ ഒരു മുനിസിപ്പൽ ചെയർമാന്റെ നിലവാരത്തിലേക്ക് താഴ്ന്നിട്ടുണ്ടോ?*

എന്നാണ് ഞാൻ കളിയാക്കി പറഞ്ഞത്. ഐ ആം എ ഗ്ലോറിഫൈഡ് മുനിസിപ്പൽ ചെയർമാൻ. മുനിസിപ്പിലാറ്റിക്ക് നികുതി പിരിക്കാൻ അവകാശമില്ല. അതുപോലെയായി സംസ്ഥാന സർക്കാരും. ഇതൊക്കെ വയ്ക്കുമ്പോഴും ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഒരു ധനമന്ത്രിയാണ് ഞാൻ. എനിക്ക് വേറെ ചോയ്സ് ഇല്ല.

■ *അന്യസംസ്ഥാന ലോട്ടറികളുടെ കാര്യത്തിൽ മന്ത്രി പറഞ്ഞതനുസരിച്ച് നികുതി വർദ്ധിപ്പിച്ചു. അവരുടെ സാന്നിദ്ധ്യം കേരളത്തിൽ ഉണ്ടാകുമോ?*

അന്യസംസ്ഥാന ലോട്ടറി പ്രവർത്തിക്കാൻ അനുവദിക്കില്ല. 28 ശതമാനം നികുതി കൊടുത്തിട്ടാണെങ്കിലും ചെയ്യാൻ പറ്റില്ല. ലാഭത്തേക്കാൾ കൂടുതലും നികുതി ആയിരിക്കും. അതിന്റെ പാതി നമുക്ക് കിട്ടുന്നതുകൊണ്ട് അത് വച്ച് നമുക്ക് പോകാം. അവരെ വച്ച് നടത്തുന്നതിലും നല്ലത് വേണ്ടെന്ന് വയ്ക്കുന്നതാണ്, അമ്പതിനായിരം പേർക്ക് കേരളസർക്കാർ നഷ്ടപരിഹാരം നൽകേണ്ടി വരും. പക്ഷേ, മനുഷ്യർക്ക് ശാന്തമായി ജീവിക്കാമല്ലോ.

■ *വൈറ്റില പാലത്തിന്റെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടും ധനകാര്യ വകുപ്പ് ഇനിയും പണം നൽകിയിട്ടില്ലെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്. ?*

ചില ചിട്ടകളുണ്ട്. സാധാരണ പി.ഡബ്ല്യു.ഡി ചെയ്യുന്നതു പോലെ ചെയ്താൽ പോര. പ്രോജക്ട് തയ്യാറാക്കി നൽകുന്നതിന് അംഗീകൃതമായിട്ടുള്ള ചില രീതികളുണ്ട്. അതനുസരിച്ച് സമർപ്പിക്കും. അത് അപ്രൈസൽ ചെയ്യും. ഡയറക്ടർ ബോർഡ് നോക്കും. വിനോദ് റായിയെ പോലുള്ളവരാണ് ഇരിക്കുന്നത്. ഇതാണ് അതിന്റെ ഫോർമാറ്റ്. ആ ഫോർമാറ്റിൽ അല്ലെങ്കിൽ അവരത് പാസാക്കില്ല. അതുകൊണ്ട് ആ ഫോർമാറ്റിൽ എഴുതണം.

■ *കേരള ബാങ്ക് എന്തായി? എന്നത്തേക്ക് പ്രവർത്തനം തുടങ്ങും?*

രണ്ട് വർഷമെങ്കിലും എടുക്കും. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

■ *നോട്ടു പ്രതിസന്ധിയെ സംസ്ഥാനം മറികടന്നോ?*

രാജ്യത്തിന് കടക്കാൻ കഴിഞ്ഞിട്ടില്ല. പിന്നെങ്ങനെ സംസ്ഥാനം മറികടക്കും.

(സ്ട്രെയ്റ്റ് ലൈൻ കൗമുദി ടിവിയിൽ ഇന്ന്: ഉച്ചയ്ക്ക് 12.35, നാളെ വൈകിട്ട് 4.30, വ്യാഴം ഉച്ചയ്ക്ക് 1.35)

വായനക്കാർ പറയുന്നു

www.keralakaumudi.com/letters

കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചു

യുവനടിയെ ആക്രമിച്ച് അശ്ലീലദൃശ്യങ്ങൾ പകർത്താൻ ഗൂഢാലോചന നടത്തിയ കേസിലെ പ്രതിയാണല്ലോ സൂത്രധാരനും നയവഞ്ചകനുമായ ഗോപാലകൃഷ്ണൻ എന്ന മിമിക്രിക്കാരൻ ദിലീപ്. എന്നെപ്പോലുള്ള സാധാരണ ജനത്തിന്, സംഭവത്തിന്റെ തുടക്കത്തിൽത്തന്നെ മനസിലാക്കാൻ കഴിഞ്ഞു, ക്രിമിനൽ ലുക്കുള്ള ദിലീപ് തന്നെയാവണം പ്രതിയെന്ന്. എന്നാൽ അടുത്തിടപഴകുന്ന 'അമ്മ' സംഘാടകരായ മുകേഷിനും ഗണേശനും ദേവനുമൊക്കെ എന്തേ തിരിച്ചറിവ് ഇല്ലാതെ പോയത്. ട്രഷററുടെ പണം കണ്ട് കണ്ണ് മഞ്ഞളിച്ചുപോയോ? അതോ ഇതൊരിക്കലും വെളിച്ചത്ത് വരില്ല എന്ന ഉറച്ച വിശ്വാസം കൊണ്ടോ? നിങ്ങൾ കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചു എന്നതാണ് സത്യം. അതുപോലെ തന്നെ സൂപ്പർ സ്റ്റാർ എന്നു വിശേഷിപ്പിക്കുന്ന മമ്മൂട്ടിയും മോഹൻലാലും എന്തേ വായ് തുറന്നില്ല. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല എന്ന വ്യാജേന സീലിംഗ് ഫാനിന്റെ ഭംഗി ആസ്വദിച്ചും പടം വരച്ച് രസിച്ചും ഇരുന്നു. കുറഞ്ഞപക്ഷം, 'തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടണം' എന്ന ഒറ്റ വാക്ക് എങ്കിലും എന്തേ അവരുടെ നാവിൻ തുമ്പിൽ നിന്നും ഉതിർന്നുവീണില്ല. ഈ കേസ് തേഞ്ഞുമാഞ്ഞ് പോകുന്നെങ്കിൽ പൊയ്ക്കോട്ടെ എന്നതായിരുന്നു അവരുടെ മനസിൽ. അനീതി എവിടെ കണ്ടാലും പ്രതികരിക്കണം എന്ന് തോന്നുന്നവിധം, ധൈര്യം എവിടെപ്പോയി ഒളിച്ചു.

'അമ്മ' എന്ന 'തറ' സംഘടന പൊളിച്ചു മാറ്റേണ്ട ദിവസങ്ങൾ അതിക്രമിച്ചിരിക്കുന്നു. സൂപ്പർ താരങ്ങളോട് മനസിൽ സൂക്ഷിച്ചിരുന്ന ബഹുമാനവും സ്നേഹവും നഷ്ടപ്പെട്ടിരിക്കുന്നു. ഒരു പേപ്പട്ടിയെ കാണുന്ന ലാഘവത്തോടുകൂടി മാത്രമേ ഇനി ജനം ദിലീപിനെ കാണുകയുള്ളൂ. ഈ സംഭവത്തിന് കൂട്ടുനിന്നവരോടും മറിച്ചല്ല.

"എന്തായാലും അപമാനിതയായി, ഇനി ആരും അറിയേണ്ട" എന്നു ചിന്തിച്ചു മറച്ചുവയ്ക്കാതെ സംഭവത്തെ പുറത്തറിയിക്കാൻ ധൈര്യം കാട്ടിയ പ്രിയ നടിയെ എത്ര പുകഴ്ത്തിയാലും അധികമാകത്തില്ല. നോട്ടിന് കടലാസിന്റെ വില കൊടുത്ത് കാര്യങ്ങൾ ഈ രീതിയിൽ വിജയപ്രദമാക്കിയ പൊലീസിനും 'സ്ത്രീസുരക്ഷാ മഹത്വം' കാട്ടിയ സർക്കാരിനും നന്ദി.

എം.എൽ. ഉഷാരാജ്
തിരുവനന്തപുരം
(8893894425)

പ്രായമായവർക്കും മുച്ചക്രവാഹനം ഉപയോഗിക്കാൻ കഴിയണം

സ്വതന്ത്രമായി സഞ്ചരിക്കാൻ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ് വാർദ്ധക്യത്തിലെത്തിയവർ. ഇന്ന് 50 കഴിഞ്ഞാൽ തന്നെ വാർദ്ധക്യകാല രോഗങ്ങളും എത്തിത്തുടങ്ങിയിരിക്കുകയാണ്. സഞ്ചിക്കാനായി വീട്ടിലുള്ളവരുടെയും ബന്ധുക്കളുടെയും അയൽക്കാരുടെയുമൊക്കെ സഹായം അനിവാര്യമായി വരികയും ചെയ്യും. എന്നാൽ, ഒറ്റയ്ക്ക് താമസിക്കുന്ന വൃദ്ധർക്ക് അതിന് പോലും പറ്റാത്ത സാഹചര്യമാണ് പലപ്പോഴും ഉള്ളത്. വീടുനുള്ളിലും പരിസരത്തും മാത്രമായി വാർദ്ധക്യം ഒടുങ്ങിപ്പോകുമോ എന്ന് സങ്കടത്തിലാണ് അവർ ജീവിക്കുന്നത് പോലും.

ഇത്തരമൊരവസ്ഥയ്ക്ക് പരിഹാരമെന്നോണം, ഭിന്നശേഷിക്കാർക്കും അംഗപരിമിതർക്കും മുച്ചക്ര വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള അനുമതി പോലെ പ്രായമായവർക്കും അവ ഉപയോഗിക്കാനുള്ള അനുമതി സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണം. മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതെ സഞ്ചാരസ്വാതന്ത്ര്യം അനുഭവിക്കണമെന്ന് അവർക്കും മോഹമുണ്ടാകില്ലേ. സർക്കാർ ഒപ്പമുണ്ടാകണം.

രുക്മിണി
പെരുമ്പാവൂർ